ഇൻഫർമേഷൻ ടെക്നോളജിയുടെ മുഴുവൻ സാധ്യതകളും ക്ലാസ് മുറികളിൽ പ്രയോജനപ്പെടുത്തുന്നതിന് നടപടി

16 (*256) ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്) :
ശ്രീ. പി. രാജു :
ശ്രീ. കെ. പി. രാജേന്ദ്രൻ :
ശ്രീ. സി. എൻ. ജയദേവൻ :
ശ്രീ. എൻ. അനിരുദ്ധൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഫർമേഷൻ ടെക്നോളജിയുടെ മുഴുവൻ സാധ്യതകളും ക്ലാസ്സ്മുറികളിൽ പ്രയോജനപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ആ പദ്ധതികൾ എന്തെല്ലാമാണെന്നും, ഇതിനുവേണ്ടിയുള്ള എന്തെല്ലാം പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും വിശദമാക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ&ബി) ഏഴാം ക്ലാസ്സിലെ കുട്ടികൾക്ക് കംപ്യൂട്ടർ അവബോധവും പരിചയവും വ്യാപകമാക്കുന്നതിനുള്ള ഒരു പൈലറ്റ് അടുത്തവർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഹൈസ്ക്കൂൾ ക്ലാസ്സുകളിൽ മൾട്ടി മീഡിയ ഉപയോഗിച്ചുള്ള അദ്ധ്യയനം ആരംഭിക്കാനും, അതിന് വേണ്ട കമ്പ്യൂട്ടറുകൾ വാങ്ങാനുമായി വിപുലമായ ഒരു പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. പഞ്ചായത്തുകളുടെ സഹായവും ഈ പദ്ധതിക്ക് ലഭ്യമാവും. ഇത്തരം കാര്യങ്ങൾക്ക് നേതൃത്വം കൊടുക്കാനായി സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ ടെക്നോളജിയും പ്രവർത്തനം ആരംഭിച്ചു. ദൂരദർശനിലൂടെ, വിദ്യാഭ്യാസപരിപാടികൾ സംപ്രേക്ഷണം ചെയ്യാനും നടപടികൾ സ്വീകരിച്ചുവരുന്നു. വിദ്യാഭ്യാസ വീഡിയോകൾ നിർമ്മിക്കുന്നതിന് സാങ്കേതികമായ കഴിവുള്ളവരുടെ പാനൽ രൂപീകരിച്ചുവരുന്നു.

എയ്ഡഡ് സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്ന ധനസഹായം

17 (*257) ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ. എം. മാണി : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾക്ക് അറ്റകുറ്റപ്പണികൾക്കായി അനുവദിക്കുന്ന ധനസഹായം പരിമിതമാണെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(സി) ധനസഹായം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് എയ്ഡഡ് സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ ;

(ഡി) എൽ.പി, യു.പി, ഹൈസ്ക്കൂളുകളിൽ ഓരോ വർഷം ലഭിക്കുന്ന ധനസഹായം എത്രയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഓരോ വർഷവും അനുവദിക്കുന്ന ധനസഹായം ഉപയോഗിച്ച് എന്തൊക്കെ അറ്റകുറ്റപ്പണികൾ നടത്താമെന്നാണ് സർക്കാർ നിർദ്ദേശിച്ചിരിക്കുന്നതെന്നറിയിക്കുമോ ;

(എഫ്) ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷാഫീസ് സർക്കാർ വർദ്ധിപ്പിച്ചിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ ഇപ്പോഴത്തെ അപേക്ഷാഫീസ് ഓരോ വിഭാഗത്തിനും എത്രയെന്ന് അറിയിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഉണ്ട്.

(ബി) പരിശോധിക്കാം.

(സി) ഉണ്ട്.

(ഡി) എൽ.പി, യു.പി. സ്കൂളുകളിലെ ഓരോ വിദ്യാർത്ഥിക്കും 3 രൂപ 25 പൈസ വീതവും ഹൈസ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും 5 രൂപ വീതവും ട്രെയിനിംഗ് സ്കൂളിലെ ഓരോ വിദ്യാർത്ഥിക്കും 7 രൂപ 25 പൈസ വീതവും ഒരു വർഷം സർക്കാർ ധനസഹായം ലഭിക്കുന്നുണ്ട്.

(ഇ) സ്കൂൾ കെട്ടിടങ്ങളുടെ വാർഷിക സംരക്ഷണം, അറ്റകുറ്റപ്പണികൾ, ലഘു നിർമ്മാണച്ചെലവ്, പുരയിടത്തിന്റെ ചുറ്റുമതിൽ, ഗേറ്റ്, കിണർ, സ്കൂൾ പരിസരം, കളിസ്ഥലം തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾ, ട്യൂബ്ലൈറ്റ്, ഇലക്ട്രിക് ഉപകരണങ്ങളുടെ മാറ്റിവയ്ക്കൽ.

(2) ഗ്ലോബ്, ഭൂപടം, ചാർട്ട് എന്നിങ്ങനെ ഭൂമിശാസ്ത്രം, ഗണിതശാസ്ത്രം തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുക.

(3) ഫർണിച്ചറുകളുടെ അറ്റകുറ്റപ്പണികളും ഉപയോഗശൂന്യമായവയ്ക്ക് പകരം പുതിയവ വാങ്ങുക.

(4) സ്റ്റേഷനറി പ്രോജക്ട്, ടെലഗ്രാഫ് ചാർജ് എന്നിവയുൾപ്പെടെയുള്ള ഓഫീസ് ചെലവുകളും പലവക ചെലവുകളും നിർവഹിക്കുക.

(5) ചോക്ക്, ഡസ്റ്റർ മുതലായവ വാങ്ങുക.

(6) സ്കൂൾ ലൈബ്രറിയല്ലാതെ വിദ്യാഭ്യാസ സംബന്ധമായ പുസ്തകങ്ങളും ആനുകാലിക പ്രസിദ്ധീകരണങ്ങളും വാങ്ങുക.

(7) ക്രാഫ്റ്റ് വിദ്യാഭ്യാസത്തിനുള്ള അസംസ്കൃത സാധനങ്ങൾ വാങ്ങുക.

(8) കിന്റർ ഗാർഡൻ, തയ്യലിനും ഉപകരണങ്ങളും വാങ്ങുക.

(9) പൂന്തോട്ട സംരക്ഷണത്തിനും ശുദ്ധജലം സംഭരിച്ച് ഉപയോഗിക്കുന്നതിനുമുള്ള ചെലവ്.

(10) കറന്റ് ചാർജ്.

(11) ലോവർ പ്രൈമറി അപ്പർ പ്രൈമറി സ്കൂളുകളിൽ കെട്ടിടവും പരിസരവും മൂത്രപ്പുര, കക്കൂസ് തുടങ്ങിയവ ശുചിയാക്കാനുള്ള ചെലവ്.

(12) ഫീസ് പിരിവ് ട്രഷറിയിൽ അടയ്ക്കുന്നതിനും ശമ്പളബില്ലുകൾ ട്രഷറിയിൽ മാറുന്നതിനും പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർ ഒഴികെയുള്ള സ്കൂൾ സ്റ്റാഫ് അംഗങ്ങൾക്ക് നല്കുന്ന യാത്രാചെലവ് എന്നിവ വഹിക്കേണ്ടത് ഈ ധനസഹായത്തിൽ നിന്നുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഇല്ല.

(ജി) 22-3-1999-ലെ പൊതുമരാമത്തുവകുപ്പിന്റെ ജി.ഒ (പി).38/99/പൊ.മ. പ്രകാരം എയ്ഡഡ് ഹൈസ്കൂളിന് 100 രൂപയും യു.പി. സ്കൂളിനും എൽ.പി. സ്കൂളിനും 75-രൂപ വീതവും അൺ എയ്ഡഡ് ഹൈസ്കൂളിന് 220 രൂപയും, യു.പി., എൽ.പി., സ്കൂളുകൾക്ക് 150 രൂപ വീതവുമാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റിനുള്ള അപേക്ഷാ ഫീസ്.

ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്ന ആവശ്യം

18 (*258) ശ്രീ. സി. ടി. മുഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. കെ. പി. എ. മജീദ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒരു ടെക്നിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനുവേണ്ടി എന്തെല്ലാം നടപടി സ്വീകരിച്ചു കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ ;

(സി) മലബാർമേഖലയുടെ പിന്നോക്കാവസ്ഥ പരിഗണിച്ച് ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം മലബാറിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉദിക്കുന്നില്ല.

(സി) പരിഗണനയിലില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ടാറിന്റെ അഭാവം മൂലം മരാമത്ത് പണികൾ നടക്കുന്നില്ലെന്ന പരാതി

19 (*259) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീ. എളമരം കരീം :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് പണികൾ യഥാസമയം നടക്കാത്തതിന്റെ ഒരു കാരണം ടാറിന്റെ ലഭ്യതക്കുറവാണെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതൊഴിവാക്കാൻ സർക്കാർ എന്തൊക്കെ നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ജനകീയാസൂത്രണ പ്രവർത്തനങ്ങളുടെ ഫലമായി ടാറിന്റെ ഉപയോഗം വർദ്ധിച്ചിട്ടുണ്ടെന്ന വസ്തുത കണക്കിലെടുത്ത് കൂടുതൽ ടാർ ലഭ്യമാക്കുന്നതിന് ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly